**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **T 6245** 31-10-2011-ൽ മറുപടിക്ക്

**ജനന സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാജു | ഡോ.എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) 20 വർഷങ്ങൾക്കുമുമ്പ് ജനിക്കുകയും ഒരു ആശുപത്രി രേഖകളിലും ഉൾപ്പെടാതിരിക്കുകയും മാതാപിതാക്കളുടെ അജ്ഞതമൂലം ഒരു റെക്കോർഡിലും പേര് ഉൾപ്പെടുത്തുവാൻ സാധിക്കുകയും ചെയ്യാത്ത കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | (എ) ഏതു രജിസ്ട്രേഷൻ യൂണിറ്റിന്റെ പരിധിയിലാണോ ജനനം നടന്നത് അവിടെ നിന്നുള്ള നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റ്, ജനന റിപ്പോർട്ടിന്റെ 2 കോപ്പി, രണ്ട് ഗസറ്റഡ് ആഫീസർ മുമ്പാകെ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം, ജനന തീയതി തെളിയിക്കുന്ന സാക്ഷ്യപത്രം, ജനന സമയത്തെ മേൽവിലാസം തെളിയിക്കുന്ന രേഖ, കാലതാമസം മാപ്പാക്കി ജനനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനുള്ള അപേക്ഷ സഹിതം സ്ഥലം ആർ.ഡി.ഒയ്ക്ക് അപേക്ഷ നൽകി അവിടെ നിന്നും ജനനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ യൂണിറ്റിൽ നിന്നും ജനനം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. |
| (ബി) ഇത്തരത്തിൽ ജനന സർട്ടിഫിക്കറ്റുകൾ ലഭിക്കാതെ ബുദ്ധിമുട്ടനുഭവിക്കുന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ